പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 410 — 26.06.14 ൽ - മറുപടിക്ക്

## ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണ സമ്പ്രദായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.പി. മുഹമ്മദ്<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ<br>,, എ.റ്റി. ജോർജ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സമ്പൂർണ്ണ - ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതു വിതരണ സമ്പ്രദായം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ;<br>(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ; | (എ) & (ബി) ഉണ്ട്. പൊതുവിതരണ സംവിധാനത്തിൽ എഫ്.സി.ഐ. മുതൽ എ.ആർ.ഡി വരെയുള്ള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കാനും ഭക്ഷ്യധാന്യങ്ങൾ സർക്കാർ സംവിധാനത്തിലൂടെ എഫ്.സി.ഐ.യിൽ നിന്നും റേഷൻകടകളിൽ എത്തിക്കാനും ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (E-PoS) സംവിധാനം ഏർപ്പെടുത്തുകയും ടി ഉപകരണത്തിലൂടെ ഉപഭോക്താക്കളുടെ ബയോമെട്രിക് പരിശോധന നടത്തി യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് അയാൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യ ധാന്യങ്ങൾ റേഷൻകടകൾ വഴി ലഭ്യമാക്കുകയും ചെയ്യുന്നതാണ്. കൂടാതെ ഉപഭോക്താക്കൾക്കായി സുതാര്യമായ പരാതി പരിഹാര സംവിധാനവും ഒരുക്കുന്നുണ്ട്. |
| (സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകുന്നതാണ്. ഇതിലൂടെ പൊതുവിതരണ സംവിധാനത്തിലെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തിരിമറിയും തടയാൻ സാധിക്കുന്നതോടൊപ്പം റേഷൻ ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ലഭിക്കുന്നതാണ്. |

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് അപ്പക്സ് കമ്മിറ്റി, ഭക്ഷ്യ സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് പ്രോജക്ട് ഇ-മിഷൻ ടീം, സിവിൽ സപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി എന്നിവ ഭരണ തലത്തിൽരൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് മന്ത്രിസഭ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഇ) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്; വ്യക്തമാക്കുമോ?

(ഇ) കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരം ഈ പദ്ധതിയുടെ പ്രഥമഘട്ട ചെലവിന്റെ (തുക) 50% കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുകയും സംസ്ഥാനത്തിന് അധികമായി ആവശ്യം വരുന്ന ചെലവുകൾ സംസ്ഥാനം തന്നെ വഹിക്കുകയും ചെയ്യേണ്ടതാണ്.

സെക്ഷൻ ഓഫീസർ